3. നീതി മെഡിക്കൽ സ്റ്റോർ, കാഞ്ഞങ്ങാട്

4. ത്രിവേണി സൂപ്പർ മാർക്കറ്റ്, ചെറുവത്തൂർ

ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ കൺസ്യൂമർ ഫെഡറേഷന്റെ സ്ഥാപനങ്ങളൊന്നും പ്രവർത്തിച്ചിരുന്നില്ല. മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള 4 സ്ഥാപനങ്ങളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചവയാണ്.

സഹകരണ വകുപ്പിലെ ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ

24 (4079) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിൽ ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർക്ക് എന്തെല്ലാം അധികാരങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അർദ്ധജുഡീഷ്യൽ സംവിധാനത്തിൽപ്പെട്ട ഇവർക്ക് കേസുകളിൽ വിചാരണ നടത്തുന്നതിന് എന്തെങ്കിലും സൗകര്യം സർക്കാർ നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കോടതിയിലെപോലെ നടപടികൾ സ്വീകരിക്കേണ്ട ഈ സംവിധാനത്തിൽ സർക്കാർ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1969-ലെ കേരള സഹകരണ നിയമം 69, 70, 70 (എ) എന്നീ വകുപ്പുകൾ പ്രകാരവും 67, 68 എന്നീ ചട്ടങ്ങൾ പ്രകാരവും ആർബിട്രേറ്റർക്ക് / ആർബിട്രേഷൻ കോടതിക്ക് ആർബിട്രേഷൻ കേസുകൾ കേൾക്കാനും, തീർപ്പാക്കി വിധി നൽകുന്നതിനുമുള്ള അധികാരങ്ങൾ ഉണ്ട്. കേരള സഹകരണ നിയമം വകുപ്പ് 98-ൽ വിവക്ഷിക്കുന്ന പ്രകാരം, 1908-ലെ സിവിൽ പ്രൊസീജർ കോഡ് അനുസരിച്ച് കേസുകൾ കേൾക്കുന്നതിന് സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും, ആർബിട്രേറ്റർ എന്ന നിലയിൽ, ഏതെങ്കിലും വ്യക്തിയെ സമൻസയച്ച് വിളിച്ചുവരുത്തി അദ്ദേഹത്തിന്റെ സത്യവാങ്മൂലം വാങ്ങുന്നതിനും, ഏതെങ്കിലും പ്രമാണങ്ങൾ കണ്ടുപിടിച്ച് ഹാജരാക്കുന്നതിന് ആവശ്യപ്പെടുന്നതിനും സത്യവാങ്മൂലം വഴി തെളിവുകൾ സ്വീകരിക്കുന്നതിനും സാക്ഷിയുടെ വിസ്താരത്തിനായി കമ്മീഷനെ നിയമിക്കുന്നതിനും അധികാരമുണ്ട്.

കേരള സഹകരണ നിയമം 76, 77, 78, 79 എന്നീ വകുപ്പുകൾ പ്രകാരവും, സഹകരണ ചട്ടം 74 മുതൽ 94 വരെയുള്ള ചട്ടങ്ങൾ പ്രകാരവും വിധിയുടമയ്ക്ക് വിധി നടപ്പാക്കുന്നതിലേയ്ക്ക് അപേക്ഷിച്ച്, വിധി കടക്കാരന്റെ സ്ഥാവര ജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ലേല നടപടികൾ സ്വീകരിച്ച് വിധി തുക ഈടാക്കാനുള്ള അധികാരവുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ 1984-ലെ കേരളാ സ്റ്റേറ്റ് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ആക്ടിലെ 19 മുതൽ 23 വരെയുള്ള വകുപ്പുകൾ ചട്ടം 8 എന്നിവ പ്രകാരം, കാർഷിക വികസന ബാങ്കുകളിൽ നിന്നുള്ള വായ്പ കുടിശ്ശിക ഈടാക്കുന്നതിന് പണയ വസ്തുക്കൾ ലേലം ചെയ്യുന്നതിനും സെയിൽ ഓഫീസർക്ക് അധികാരമുണ്ട്.

(ബി) ജുഡീഷ്യൽ സംവിധാനത്തിൽ കേസുകളിൽ വിചാരണ നടത്തുന്നതിന് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ അർദ്ധ ജുഡീഷ്യൽ സംവിധാനത്തിൽപ്പെട്ട സഹകരണ വകുപ്പിലെ ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടില്ല. സഹകരണ വകുപ്പിലെ താലൂക്ക്/ജില്ല/സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന ജൂനിയർ ഇൻസ്പെക്ടർ മുതൽ രജിസ്ട്രാർ വരെയുള്ള ഉദ്യോഗസ്ഥർ ഈ വിഷയം കൈകാര്യം ചെയ്യുന്നുണ്ട്. ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികൾക്കായി പൊതുവായും, സ്ഥാപനങ്ങളുടെ അപേക്ഷ പ്രകാരം പ്രത്യേകമായും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നുണ്ട്.

ചട്ടം 156 പാർട്ട് 1 കെ.എസ്.ആർ. വ്യവസ്ഥ പ്രകാരം സഹകരണ സ്ഥാപനങ്ങളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ആർബിട്രേറ്റർമാർ/സെയിലാഫീസർമാർ സ്ഥാപനത്തിന്റെ ആസ്ഥാനത്തും ശാഖകളിലും കേസ് കേൾക്കുന്നതിനായി സ്ഥാപനം അവർക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം ഉപയോഗിച്ച് ടി വിഷയം കൈകാര്യം ചെയ്യുന്നു. താലൂക്ക് തലത്തിൽ ടി ആവശ്യത്തിലേക്ക് പൊതുവായി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ (ആർബിട്രേഷൻ ആന്റ് എക്സിക്യൂഷൻ ഇൻസ്പെക്ടർമാർ) സ്ഥാപനത്തിന്റെ ആസ്ഥാനത്തും ശാഖകളിലും താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസുകളിൽ വച്ചും ടി നടപടികൾ കൈക്കൊണ്ടുവരുന്നു. ആർബിട്രേഷൻ കേസുകൾ കൈകാര്യം ചെയ്യുന്നതിലേയ്ക്ക് അധികാരപ്പെടുത്തിയ സംസ്ഥാന/ജില്ലാതല ഉദ്യോഗസ്ഥർ അവരവരുടെ ആസ്ഥാനത്തുവച്ച് തന്നെ കേസുകൾ കൈകാര്യം ചെയ്യുന്നു.

(സി) ജുഡീഷ്യൽ സംവിധാനത്തിൽ കൈക്കൊണ്ടുവരുന്ന എല്ലാ നടപടികളും അർദ്ധ ജുഡീഷ്യൽ സംവിധാനത്തിൽപ്പെട്ട സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ നിർവ്വഹിച്ചു വരുന്ന സാഹചര്യം കണക്കിലെടുത്ത്, ജുഡീഷ്യൽ സംവിധാനത്തിലുള്ള സൗകര്യങ്ങൾ ടി വിഷയം കൈകാര്യം ചെയ്യുന്ന സഹകരണ വകുപ്പ് ഉദ്യോഗസ്ഥർക്കും പരിമിതമായെങ്കിലും നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

സഹകരണ സംഘങ്ങൾ നൽകുന്ന കാർഷിക വായ്പകൾ

25 (4080) ശ്രീമതി കെ. കെ. ലതിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങൾ നൽകുന്ന കാർഷിക വായ്പകൾ യഥാർത്ഥ ആവശ്യത്തിനു തന്നെയാണ് വിനിയോഗിക്കുന്നതെന്ന് ഉറപ്പു വരുത്തുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly